പതിനാലാം കേരള നിയമസഭ
പതിനാറാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നം. 5125

15.11.2019- ൽ മറുപടിയ്ക്ക്

**തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ ഏകീകരിച്ച സോഫ്റ്റ് വെയർ**

**ചോദ്യം**

**ശ്രീ. ടി. വി. ഇബ്രാഹിം**

**ഉത്തരം**

**ശ്രീ. എ.സി.മൊയ്തീൻ**
**(തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രി)**

എ) സംസ്ഥാനത്തെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ പദ്ധതി പ്രവർത്തനങ്ങൾക്കും പഞ്ചായത്ത് നൽകുന്ന സേവനങ്ങൾക്കും ക്ഷേമ പ്രവർത്തനങ്ങൾക്കും വ്യത്യസ്തമായ സോഫ്റ്റ് വെയറുകൾ ഉപയോഗിക്കേണ്ടി വരുന്നതു മൂലം പ്രയാസങ്ങൾ ഉണ്ടാകുന്ന തായി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ;

എ) ഉണ്ട്. സംസ്ഥാനത്തെ തദ്ദേശസ്ഥാപനങ്ങളിൽ നിന്നും പൊതുജനങ്ങൾക്ക് നൽകുന്ന സേവനങ്ങൾക്കും, പദ്ധതി പ്രവർത്തനങ്ങൾക്കും മറ്റു ക്ഷേമ പ്രവർത്തനങ്ങൾക്കും ഇൻഫർമേഷൻ കേരള മിഷൻ തയ്യാറാക്കി വിന്യസിച്ചിട്ടുള്ള വ്യത്യസ്തങ്ങളായ സോഫ്റ്റ് വെയറുകളാണ് നിലവിൽ ഉപയോഗിച്ച് വരുന്നത്. ഇത്തരത്തിൽ വ്യത്യസ്തങ്ങളായ സോഫ്റ്റ് വെയറുകളിൽ ലഭ്യമായ ഡാറ്റ പരസ്പരം വിനിമയം ചെയ്യുന്നതിനോ ക്രോഡീകരിക്കുന്നതിനോ ഉള്ള സംവിധാനം ഇപ്പോൾ ഇല്ലാത്തതിനാൽ data consolidation-ന് കാലതാമസം അനുഭവപ്പെടുന്നുണ്ട് എന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

ബി) ഇത്തരം വിവിധ സോഫ്റ്റ് വെയറു കൾക്കുപകരം ഏകീകരിച്ച് ഒറ്റ സോഫ്റ്റ് വെയറാക്കാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശങ്ങൾ അറിയിക്കാമോ;

ബി) നിലവിൽ ഐ.കെ.എമ്മിന്റെ സഹായത്തോടെ ഉപയോഗിക്കുന്ന വിവിധ സേവന സോഫ്റ്റ്വെയറുകളെല്ലാം സംയോജിപ്പിച്ച് കുറച്ചു കൂടി സാങ്കേതിക മേന്മയുള്ള ഇ. ആർ. പി. സൊല്യൂഷന്റെ പൂർത്തീകരണം അന്തിമ ഘട്ടത്തിലാണ്.

സി) വിവിധ സോഫ്റ്റ് വെയറുകൾ കൈകാര്യം ചെയ്യാൻ തദ്ദേശസ്വയം ഭരണ ജീവനക്കാർക്ക് നൽകുന്ന പരിശീലന പ്രവർത്തനങ്ങളുടെ വിശദാംശങ്ങൾ അറിയിക്കാമോ?

സി) 01/01/2011 ലെ സർക്കാർ ഉത്തരവ് നമ്പർ 02/2011/LSGD പ്രകാരം തദ്ദേശഭരണ സ്ഥാപനങ്ങളിലെ ജീവനക്കാർക്കുള്ള പരിശീലന പരിപാടികൾ നടത്തുന്നതിന് കിലയെ

ചുമതലപ്പെടുത്തിയിട്ടുണ്ട്. ഇത് കൂടാതെ തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങൾ ആവശ്യപ്പെടുന്നതനുസരിച്ച് ഐ.കെ.എം പരിശീലകർ നേരിട്ട് ജീവനക്കാർക്ക് പരിശീലനം നൽകിവരുന്നുമുണ്ട്. ഇതിനോടകം ഐ.കെ.എം. വികസിപ്പിച്ചിട്ടുള്ള വിവിധ സോഫ്റ്റ് വെയറുകളെ സംബന്ധിച്ച് എഴുപതിനായിരത്തിലധികം ജീവനക്കാർക്ക് ഐ.കെ.എം പരിശീലനം നൽകികഴിഞ്ഞു. സോഫ്റ്റ് വെയറുകളിൽ ഉണ്ടാകുന്ന തകരാറുകൾ പരിഹരിക്കുന്നതിനും സംശയം ദൂരീകരിക്കുന്നതിനുമായി ജില്ലാതലത്തിലും നഗരസഭാതലത്തിലും ഐ. കെ. എമ്മിന്റെ ജീവനക്കാരെ വിന്യസിച്ചിട്ടുണ്ട്.

**സെക്ഷൻ ഓഫീസർ.**